# AIMAയുടെ അക്ഷരമുദ്രപുരസ്കാരം
# ഡോ.എ.എം.ഉണ്ണിക്കൃഷ്ണന്

AIMA(ആൾ ഇന്ത്യാ മലയാളി അസോസ്സിയേഷൻ)യുടെ ഇത്തവണത്തെ **'അക്ഷരമുദ്രാപുരസ്കാര'**ത്തിന് ഡോ.എ.എം.ഉണ്ണിക്കൃഷ്ണനെ (പ്രൊഫസർ, വിദൂരവിദ്യാഭ്യാസ വിഭാഗം, കേരള സർവകലാശാല) ഐകകണ്ഠ്യേന പുരസ്കാര നിർണയസമിതി തിരഞ്ഞെടുത്തു. ഡോ. കെ.വി.തോമസ് ചെയർമാനും, പ്രൊഫ.ശ്രീശൈലം ഉണ്ണിക്കൃഷ്ണൻ, ഡോ.ജി.ശ്രീജിത്, ശ്രീമതി രജനിസുരേഷ് എന്നിവർ അംഗങ്ങളുമായ പുരസ്കാരനിർണയസമിതിയാണ്, വിശദമായ പരിശോധനകൾക്ക് ശേഷം ഈ തീരുമാനം എടുത്തത്.

സാഹിത്യവിമർശകൻ, അധ്യാപകൻ,ഗവേഷകൻ, പ്രഭാഷകൻ, എഡിറ്റർ, ജീവചരിത്രകാരൻ, ഗ്രന്ഥശാലാ പ്രവർത്തകൻ തുടങ്ങി വിവിധ മേഖലകളിൽ ഡോ.എ.എം.ഉണ്ണിക്കൃഷ്ണൻ നടത്തിയ മാതൃകാപരവും സ്തുത്യർഹവുമായ പ്രവർത്തനങ്ങളെ മാനിച്ചും 'നവീനോത്തരനിരൂപണം' എന്ന വിമർശനഗ്രന്ഥത്തിന്റെ രചയിതാവെന്ന പ്രാധാന്യം വിശേഷിച്ചും കണക്കിലെടുത്തുമാണ് ഈ പുരസ്കാരത്തിന് അദ്ദേഹത്തെ തിരഞ്ഞെടുത്തിട്ടുള്ളത്. മുകുന്ദന്റെ കല, അക്ഷരകാന്തി, വാക്കു പാലിക്കുന്ന വാക്കുകൾ, ചിതയും ചിദാകാശവും,  വേരുകളിലെ ജീവതാളം, പുനർവായന, മഹിതമലയാളം, സംസ്കൃതിയുടെ വീണ്ടെടുപ്പുകൾ, നവീനോത്തരനിരൂപണം, ദേശസംസ്കാരം, സാഹിത്യം എന്നീ വിമർശനഗ്രന്ഥങ്ങൾ എഴുതി മലയാളനിരൂപണശാഖയ്ക്ക് അഭികാമ്യമായ ദിശാവ്യതിയാനം നിർദ്ദേശിക്കുവാൻ ഡോ.എ.എം.ഉണ്ണിക്കൃഷ്ണന് സാധിച്ചിട്ടുണ്ടെന്ന് പുരസ്കാര നിർണയസമിതി വിലയിരുത്തി.

വ്യക്തിയുടെ വാസനയും അഭിരുചിയും അനുസരിച്ചു നടക്കുന്നതാണ് സാഹിത്യപഠനമെന്നും എഴുത്തുകാരന്റെ  അനുഭവവും അനുഭൂതിയുമാണ് അതിലെ ചാലകശക്തികളെന്നും ഉറച്ചുവിശ്വസിക്കുന്ന വിമർശകനാണ് ഡോ.ഉണ്ണിക്കൃഷ്ണൻ. മലയാളനവീനതയുടെ ആത്മീയതലവും സാംസ്കാരികസ്വത്വവും കൃത്യമായി നിർണയിക്കുന്നതിൽ അദ്ദേഹം വിജയച്ചിട്ടുണ്ട്. നവീനത പുതിയൊരു ആത്മീയതയുടേതെന്നപോലെ പുതിയൊരു സൗന്ദര്യബോധത്തിന്റെയും സത്ഫലമാണെന്ന് സൂക്ഷ്മമായും സുതാര്യമായും സ്ഥാപിക്കുന്നതിൽ ഈ സാഹിത്യവിമർശകൻ പ്രദർശിപ്പിച്ച പാകശാലിത്വം ഏറെ ശ്ലാഘനീയമാണ്. സാഹിത്യവിമർശനം കേവലം സിദ്ധാന്തചർച്ചയല്ലെന്നും മൗലികവും സർഗാത്മകവുമായ ഉന്നതകലയാണെന്നും സാക്ഷ്യപ്പെടുത്തുന്നുണ്ട് ഡോ. എ.എം.ഉണ്ണിക്കൃഷ്ണന്റെ വിമർശനം. തനതുസംസ്കൃതിയിലുള്ള അഭിമാനം, തെളിഞ്ഞവിമർശനഭാഷ, വിവിധ സാഹിത്യരൂപങ്ങളോട് ഔചിത്യപൂർവം സംവദിക്കുവാനുള്ള ഭാവുകത്വശേഷി, പക്ഷപാതരഹിതമായ മൂല്യനിർണയനം എന്നീ സവിശേഷതകളും അദ്ദേഹത്തിന്റെ വിമർശനകലയെ മികവുറ്റതാക്കുന്നുണ്ട്.

ഒ.വി.വിജയൻ, സക്കറിയ, എം.മുകുന്ദൻ, മാധവിക്കുട്ടി, സി.വി.ശ്രീരാമൻ മുതലായ മുതിർന്ന കഥാകൃത്തുക്കളുടെ രചനാപ്രപഞ്ചത്തിലേക്കും സി.വി.രാമൻപിള്ള, മലയാറ്റൂർ രാമകൃഷ്ണൻ, പി.വത്സല, സേതു തുടങ്ങിയവരുടെ മികച്ച നോവലുകളിലേക്കും കുട്ടികൃഷ്ണമാരാർ, എം.പി. ശങ്കുണ്ണിനായർ, ജോസഫ് മുണ്ടശ്ശേരി, നരേന്ദ്രപ്രസാദ്, എം.ലീലാവതി തുടങ്ങിയ പ്രതിഭാധനരായ സാഹിത്യവിമർശകരുടെ ചിന്താലോകങ്ങളിലേക്കും എഴുത്തച്ഛൻ, കുമാരനാശാൻ, അക്കിത്തം,

പി.കുഞ്ഞിരാമൻ നായർ, എൻ.വി.കൃഷ്ണവാര്യർ തുടങ്ങിയ കവിശ്രേഷ്ഠന്മാരുടെ ഭാവനാമണ്ഡലങ്ങളിലേക്കും ഡോ.ഉണ്ണിക്കൃഷ്ണൻ നടത്തിയ സർഗസഞ്ചാരം മലയാള വിമർശനസാഹിത്യത്തിന്റെ കരുത്തും ദീപ്തിയും വെളിപ്പെടുത്തുന്നു. ദേശീയത മലയാള സാഹിത്യത്തിൽ ചെലുത്തിയ പ്രഭാവം സസൂക്ഷ്മം നിരീക്ഷിക്കുന്ന ഒട്ടനേകം പഠനങ്ങളും മലയാളത്തിലെ നവീനോത്തര നിരൂപണത്തിന്റെ സഞ്ചാരപഥങ്ങൾ അടയാളപ്പെടുത്തുന്ന പഠനവും ചരിത്രപരമായ പ്രസക്തിയുൾക്കൊള്ളുന്ന മൗലികാന്വേഷണങ്ങളുടെ ഉപലബ്ധികളാണ്. ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ മാർഗദർശിയും നവോത്ഥാനനായകനുമായ നെയ്യാറ്റിൻകര എ.പി.നായരുടെയും ചട്ടമ്പിസ്വാമികളുടെ ഗൃഹസ്ഥശിഷ്യരിൽ പ്രഥമഗണനീയനും ഒഴിവിലൊടുക്കം, കൈവല്യനവനീതം, സൂര്യപ്രസാരം എന്നീ ദാർശനിക ഗ്രന്ഥങ്ങളുടെ ഭാഷ്യകാരനുമായ ശ്രീനാരായണതീർഥപാദരുടെയും ജീവചരിത്രങ്ങൾ രചിച്ച് മലയാളത്തിലെ ജീവചരിത്രശാഖയെയും ഡോ.എ.എം.ഉണ്ണിക്കൃഷ്ണൻ സമ്പന്നമാക്കുകയുണ്ടായി.

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അസിസ്റ്റന്റ് ഡയറക്ടറെന്നനിലയിൽ അദ്ദേഹം നടത്തിയ പ്രവർത്തനവും അഭിനന്ദനമർഹിക്കുന്നു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖമാസികയായ വിജ്ഞാനകൈരളിയുടെയും ആഗമസാരസരണി, കേരള സർവകലാശാലാ ഡെക് റിസർച്ചർ എന്നിവയുടെ എഡിറ്ററെന്ന നിലയിലുള്ള സേവനവും എടുത്തു പറയേണ്ടതാണ്. 1909-ൽ സ്ഥാപിച്ച നെയ്യാറ്റിൻകര ജ്ഞാനപ്രദായിനി ഗ്രന്ഥശാലയുടെ വൈസ് പ്രസിഡണ്ട്, പ്രസിഡണ്ട് എന്നീ ചുമതലകളും പി.കെ.പരമേശ്വരൻനായർ ട്രസ്റ്റിന്റെ സെക്രട്ടറി, ചെയർമാൻ എന്നീ പദവികളും കാസർഗോഡ് കേരള കേന്ദ്ര സർവകലാശാലയുടെ മലയാളവിഭാഗം സ്ഥാപകാദ്ധ്യക്ഷൻ എന്ന നിലയിലുള്ള സേവനവും ഭാഷാസാഹിത്യലോകത്തിന് വിസ്മരിക്കാവുന്നതല്ല. മലയാള സർവകലാശാലയുടെയും കേരള കേന്ദ്രസർവകലാശാല ചട്ടമ്പിസ്വാമി ക്ലാസ്സിക്കൽ ഭാഷാ പഠനകേന്ദ്രത്തിന്റെയും രൂപരേഖകൾ തയ്യാറാക്കിയതും ഡോ.എ.എം.ഉണ്ണിക്കൃഷ്ണന്റെ സംഭാവനകളിൽ പ്രധാനപ്പെട്ടവയാണ്. ഒന്നരഡസൻ ഗ്രന്ഥങ്ങൾ എഡിറ്റു ചെയ്തിട്ടുണ്ട് അദ്ദേഹം. ഡോ.ഉണ്ണിക്കൃഷ്ണന്റെ ഗവേഷണമാർഗദർശിത്വത്തിൽ പതിനാറ് ഗവേഷകർ പി.എച്ച്.ഡി.ബിരുദത്തിന് അർഹരായിട്ടുണ്ട്.

ഇങ്ങനെ പല നിലകളിൽ നമ്മുടെ ഭാഷയെയും സാഹിത്യത്തെയും സംസ്കാരത്തെയും പോഷിപ്പിക്കുന്നതിലും പ്രോജ്ജ്വലിപ്പിക്കുന്നതിലും ഡോ.എ.എം.ഉണ്ണിക്കൃഷ്ണൻ നാളിതുവരെ ചെയ്ത സത്യസന്ധവും മൗലികവും ആത്മാർത്ഥവുമായ സേവനം പരിഗണിച്ചുകൊണ്ടാണ് AIMAയുടെ 'അക്ഷരമുദ്ര' പുരസ്കാരത്തിന് അദ്ദേഹത്തെ അഭിമാനപൂർവം നിർദ്ദേശിച്ചത്.

കോഴിക്കോട്

07.06.19

1. ഡോ.കെ.വി.തോമസ് (ചെയർമാൻ)
2. ശ്രീശൈലം ഉണ്ണിക്കൃഷ്ണൻ
3. ഡോ.ജി.ശ്രീജിത്
4. ശ്രീമതി രജനിസുരേഷ്